കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പാവറട്ടി ഗ്രാമപഞ്ചായത്ത്- വിവാഹ ധനസഹായം - അനുമതി- - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.669/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 13.03.2018

വായന :- 1. പാവറട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2018-ലെ കത്തും 26.12.2017-ലെ 2(4) -ാം നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018-ലെ തീരുമാനം നം. 4.32

## ഉത്തരവ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടുന്ന ശ്രീ മണികണ്ഠൻ, ചെറാട്ടി ഹൗസ്, എന്നയാളുടെ മകളുടെ വിവാഹം 06.06.2016 -ൽ നടന്നെങ്കിലും ഒരു വർഷം കഴിഞ്ഞാണ് വിവാഹ ധനസഹായത്തിന് അപേക്ഷിച്ചതെന്നും ഇവർക്ക് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം പാവറട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2)06.02.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.32 നമ്പർ തീരുമാനപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടുന്ന ശ്രീ മണികണ്ഠൻ, ചെറാട്ടി ഹൗസ്, എന്നയാളുടെ മകളുടെ വിവാഹത്തിന് ധനസഹായം നൽകാൻ പാവറട്ടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രസിഡണ്ട്, പാവറട്ടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ)യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ